## പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 298 — 03.04.2013 - ലെ മറുപടിയ്ക്ക്

# സംസ്ഥാന ആസൂത്രണബോർഡിലെ പ്രോജക്ട് ഫിനാൻസിംഗ് സെൽ

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ<br>" എം.പി.വിൻസെന്റ്<br>" സണ്ണി ജോസഫ്<br>" ലൂഡി ലൂയിസ് | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി). |
| (എ) സംസ്ഥാന ആസൂത്രണ ബോർഡിൽ പ്രോജക്ട് ഫിനാൻസിംഗ് സെൽ രൂപികരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) സെല്ലിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) സംസ്ഥാനത്ത് ഗുണമേന്മയുളള അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമായ തോതിൽ ഏർപ്പെടുത്തുന്നതിന് ബജറ്റ് മുഖേനയുള്ളതു കൂടാതെ ബജറ്റിനു പുറത്തു നിന്നുള്ളതുമായ നിക്ഷേപ സാദ്ധ്യതകൾ പരിശോധിക്കുക, അത്തരം പ്രോജക്ടുകളുടെ ഫീസിബിലിറ്റി പരിശോധിക്കുക എന്നിങ്ങനെ ഒരു ഫെസിലിറ്റേറ്ററുടെ പ്രവർത്തനമാണ് പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ രൂപീകരണം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പദ്ധതികളുടെ നടത്തിപ്പും നടപടി ക്രമങ്ങളും സംബന്ധിച്ചുള്ള വിലയിരുത്തലുകൾക്ക് എന്തെല്ലാം കാര്യങ്ങളാണ് സെല്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | സംസ്ഥാനത്ത് വിവിധ പദ്ധതികളിൽ പൊതു സ്വകാര്യ പങ്കാളിത്തം ആകർഷിക്കുകയും അവയുടെ ഫീസിബിലിറ്റി പരിശോധിക്കുകയും ചെയ്യുന്നതിലേക്കായി ഒരു പ്രോജക്ട് ഫിനാൻസിംഗ് സെൽ സംസ്ഥാന ആസൂത്രണബോർഡിൽ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ഒരു പ്രോജക്ട് ഡയറക്ടർ, ഒരു ലീഗൽ കൺസൾട്ടന്റ്, ഒരു ഫിനാൻഷ്യൽ കൺസൾട്ടന്റ് മറ്റ് അനുബന്ധ സ്റ്റാഫ് എന്നിവർ ഉൾക്കൊള്ളുന്നു. ബന്ധപ്പെട്ട വകുപ്പുകൾ വഴിയും ഇതര ഏജൻസികൾ വഴിയുമാണ് പദ്ധതികൾ നടപ്പിലാക്കുക, പ്രോജക്ട് ഫിനാൻസിംഗ് സെൽ ഇക്കാര്യങ്ങൾക്കായുള്ള ഒരു ഫെസിലിറ്റേറ്റർ മാത്രമായിരിക്കും. |
| (ഡി) | ഈസംവിധാനം ജില്ലകളിലേയ്ക്കും താലൂക്ക് തലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നകാര്യം പരിഗണക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**